സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാള്യം: 57 | ലക്കം: 233 | 2025 ഡിസംബർ 24 ബുധൻ | പേജ്: 4 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## ഔഷധ വേര് മോഷ്ടിച്ചെന്നാരോപിച്ച് ആദിവാസി യുവാവിന് മർദനം

അട്ടപ്പാടി: വേര് മോഷ്ടിച്ചെന്നാരോപിച്ച് അട്ടപ്പാടിയിൽ ആദിവാസി യുവാവിന് മർദനം. പാലൂർ സ്വദേശി മണികണ്ഠനാണ് മർദനമേറ്റത്. തലയോട്ടി പൊട്ടിയതിനെത്തുടർന്ന് മണികണ്ഠന് ശസ്ത്രക്രിയ നടത്തി. ഡിസംബർ ഏഴിനാണ് മർദമേൽക്കുന്നത്. ആദിവാസികളിൽനിന്ന് ഔഷധവേരുകൾ ശേഖരിച്ച് വിൽക്കുന്ന രാംരാജ് എന്നയാളാണ് മർദിച്ചതെന്നാണ് ആരോപണം. എട്ടാം തീയതി മണികണ്ഠൻ കോഴിക്കോട് വെച്ച് കുഴഞ്ഞ് വീഴുകയും മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും ചെയ്തതോടെയാണ് മർദന വിവരം പുറത്തറിയുന്നത്. മെഡിക്കൽ കോളേജ് ആശുപത്രി അധികൃതർ പോലീസിൽ വിവരം അറിയിച്ചതനുസരിച്ച് പുതൂർ പോലീസെത്തി മൊഴി രേഖപ്പെടുത്തി. സംഭവത്തിൽ കേസെടുത്തെങ്കിലും കൂടുതൽ നടപടികളിലേക്ക് പോലീസ് കടന്നിട്ടില്ല.

## ഐഎസ്ആർഒയുടെ എൽവിഎം 3 എം 6 റോക്കറ്റ് വിക്ഷേപണം വിജയം

ശ്രീഹരിക്കോട്ട: ഐ.എസ്.ആർ.ഒയുടെ എൽ.വി.എം 3 എം6 റോക്കറ്റ് വിജയകരമായി വിക്ഷേപിച്ചു. ടവറുകളും ഒപ്ടിക്കൽ ഫൈബർ കേബിളുമില്ലാതെ മൊബൈൽ ഫോണുകളിൽ നേരിട്ട് ഇന്റർനെറ്റെത്തിക്കുന്ന ലോകത്തെ ആദ്യ ഉപഗ്രഹമായ ബ്ലൂബേർഡ് ബ്ലോക്ക്–2 ആണ് ഐ.എസ്.ആർ.ഒ വിക്ഷേപിച്ചത്. അമേരിക്കൻ കമ്പനിയായ എ.എസ്.ടി മൊബൈലിനു വേണ്ടിയാണ് വിക്ഷേപണം നടത്തിയത്. ലോകമെമ്പാടുമുള്ള സ്മാർട്ട്ഫോണുകളിൽ നേരിട്ട് അതിവേഗ സെല്ലുലാർ ബ്രോഡ്ബാൻഡ് ലഭ്യമാക്കുന്ന അടുത്ത തലമുറ ഉപഗ്രഹമാണിത്.

ബ്ലൂബേർഡ് ബ്ലോക്ക് –2 ഉപഗ്രഹം കൃത്യമായ ഭ്രമണപഥത്തിൽ എത്തിച്ചതായി ഐ.എസ്. ആർ.ഒ ചെയർമാൻ വി നാരായണൻ അറിയിച്ചു. അഭിമാന നിമിഷമെന്ന് പറഞ്ഞ അദ്ദേഹം പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനമറിയിക്കുകയും ചെയ്തു.

ഐ.എസ്.ആർ.ഒയുടെ ചരിത്രത്തിലെ ഏറ്റവും ഭാരമേറിയ ഉപഗ്രഹവിക്ഷേപണമാണ് രാവിലെ 8.24ന് ശ്രീഹരിക്കോട്ടയിൽ നടന്നത്. 6500 കിലോഗ്രാമാണ് ഭാരം. ഭൂമിയിൽ നിന്ന് 520 കിലോമീറ്റർ അകലെയാണ് ഭ്രമണപഥം നിശ്ചയിച്ചിരിക്കുന്നത്. എൽ110 ഹൈഡ്രസ് വികാസ് എഞ്ചിൻ റോക്കറ്റിൽ നിന്ന് വേർപെടുന്ന ഘട്ടവും വിജയിച്ചതോടെ സി25 ക്രയോജനിക് ഘട്ടവും പ്രവർത്തിച്ചു തുടങ്ങി. ഏറ്റവും വലിയ വാണിജ്യ വാർത്താവിനിമയ ഉപഗ്രമെന്ന ഖ്യാതിയും ഇതോടെ ബ്ലൂബേർഡ് ബ്ലോക്ക് – 2 സ്വന്തമാക്കും.

## ആകാശക്കോട്ട തീർക്കാൻ ആകാശ്–എൻജി പരീക്ഷണങ്ങൾ വിജയം

ന്യൂഡൽഹി: ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആകാശ് വ്യോമപ്രതിരോധ സംവിധാനത്തിന്റെ നൂതന പതിപ്പ് വിജയകരമായി പരീക്ഷിച്ചു. ആകാശ് നെക്സ്റ്റ് ജനറേഷൻ അഥവാ ആകാശ്–എൻജിയുടെ പരീക്ഷണമാണ് നടത്തിയത്. പരീക്ഷണം പൂർണവിജയമായിരുന്നുവെന്നും വിവിധ ലക്ഷ്യങ്ങളെ വിജയകരമായി ഭേദിച്ചെന്നും പ്രതിരോധ മന്ത്രാലയം അറിയിച്ചു. പരീക്ഷണം വിജയകരമായതോടെ ഉടൻ തന്നെ സൈന്യത്തിന്റെ ഭാഗമാക്കാനുള്ള ഉത്പാദനം ആരംഭിക്കും.

## പി ടി കുഞ്ഞുമുഹമ്മദിനെ അറസ്റ്റ് ചെയ്ത് വിട്ടയച്ചു

തിരു : ലൈംഗികാതിക്രമ കേസിൽ പ്രതിയായ ചലച്ചിത്ര സംവിധായകൻ പി ടി കുഞ്ഞുമുഹമ്മദിനെ അറസ്റ്റ് ചെയ്ത് വിട്ടയച്ചു. ഇന്നലെ രാവിലെയാണ് പി ടി കുഞ്ഞുമുഹമ്മദ് കന്റോൺമെന്റ് സ്റ്റേഷനിൽ ഹാജരായത്.

കുഞ്ഞുമുഹമ്മദിന് കോടതി നേരത്തേ മുൻകൂർ ജാമ്യം നൽകിയിരുന്നു. കോടതി നിർദേശപ്രകാരം സ്റ്റേഷൻ ജാമ്യത്തിലാണ് കുഞ്ഞുമുഹമ്മദിനെ വിട്ടയച്ചത്. വനിതാ ചലച്ചിത്ര പ്രവർത്തകയാണ് മുൻ എംഎൽഎ കൂടിയായ പി ടി കുഞ്ഞുമുഹമ്മദിനെതിരെ പരാതി നൽകിയത്. കഴിഞ്ഞ മാസം ആറിനായിരുന്നു പരാതിക്കാസ്പദമായ സംഭവം. ഐഎഫ്എഫ്കെയിലേക്കുള്ള സിനിമകളുടെ തിരഞ്ഞെടുപ്പിനായുള്ള ജൂറി ചെയർമാനായിരുന്നു പി ടി കുഞ്ഞുമുഹമ്മദ്.

# ഡി മണി ഉണ്ടെന്ന് എസ്ഐടി

തിരു: ശബരിമലയിലെ വിഗ്രഹങ്ങൾ വാങ്ങിയതായി വിദേശ വ്യവസായി പറഞ്ഞ ഡി മണി എന്നയാൾ ഉണ്ടെന്ന് സ്ഥിരീകരിച്ച് പ്രത്യേക അന്വേഷണ സംഘം (എസ്ഐടി). വ്യവസായിയുടെ മൊഴിയിൽ പറയുന്ന ചെന്നൈ സ്വദേശിയായ ഡി മണിയുടെ സംഘത്തിലുള്ളവരെ എസ്ഐടി ഫോണിൽ ബന്ധപ്പെട്ടു. കൂടാതെ മൊഴിയെടുക്കാൻ എസ്ഐടി സംഘം ചെന്നൈയിലേക്ക് പോയിട്ടുണ്ട്.



ശബരിമലയിലെ നാല് പഞ്ചലോഹ വിഗ്രഹങ്ങൾ കടത്തിയെന്നും ഡി മണി എന്നറിയപ്പെടുന്ന ഒരാൾ വാങ്ങിയെന്നുമാണ് വ്യവസായിയുടെ മൊഴി. കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയാണ് വ്യവസായിക്ക് ചില വിവരങ്ങൾ അറിയാമെന്ന് എസ്ഐടിയെ അറിയിച്ചത്.

അതേസമയം, ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ അംഗങ്ങളായ കെപി ശങ്കർദാസും എൻ വിജയകുമാറും മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചു. ഇരുവരും കൊല്ലം വിജിലൻസ് കോടതിയിലാണ് മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചത്. എ പത്മകുമാർ പ്രസിഡന്റായിരുന്ന ബോർഡിലാണ് ഇരുവരും അംഗങ്ങളായിരുന്നത്.

എന്നാൽ ശങ്കർദാസിലേക്കും വിജയകുമാറിലേക്കും അന്വേഷണം എത്താത്തതിൽ എസ്ഐടിയെ ഹൈക്കോടതി വിമർശിച്ചിരുന്നു. ദ്വാരപാലക ശില്പങ്ങളിലെ സ്വർണപ്പാളികൾ അഴിച്ചെടുത്ത് ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് കൊടുത്തുവിട്ടത് ദേവസ്വം ബോർഡിന്റെ കൂട്ടായ തീരുമാനമായിരുന്നു. ഉത്തരവാദിത്വത്തിൽനിന്ന് ആരെയും മാറ്റി നിറുത്തേണ്ടതില്ല. പഴുതടച്ച അന്വേഷണം വേണമെന്നും കോടതി പറഞ്ഞിരുന്നു. ഇതിന് പിന്നാലെ അറസ്റ്റിന് സാദ്ധ്യത ഉണ്ടെന്ന് കരുതിയാണ് ഇരുവരും മുൻകൂർ ജാമ്യം തേടിയത്.

### രാജീവ് ചന്ദ്രശേഖരന്റെ പോസ്റ്റ്

തിരു: ശബരിമലയിലെ കൊള്ള നാലര കിലോ സ്വർണ്ണത്തിൽ മാത്രമൊതുങ്ങുന്നതല്ലെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തന്റെ ഫേസ്ബുക്ക് പോസ്റ്റിലൂടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ഇടത് മുന്നണിയുടെ ദേവസ്വം ബോർഡ് ശബരിമലയിലെ നാല് പഞ്ചലോഹ വിഗ്രഹങ്ങൾകൂടി കടത്തിക്കൊണ്ട് പോയി അന്താരാഷ്ട്ര ക്രിമിനൽ സംഘങ്ങൾക്ക് വിറ്റെന്നാണ് അന്വേഷണങ്ങളിലൂടെ വ്യക്തമാകുന്നതെന്നും അദ്ദേഹം കുറിച്ചു.

## കാസർകോട്ടേക്ക് ചുവടുമാറ്റാൻ കെ.എം. ഷാജി; കുഞ്ഞാലിക്കുട്ടി മണ്ഡലം മാറുമോ? ചർച്ചകളിൽ ലീഗ്

കോഴിക്കോട്: തദ്ദേശ തിരഞ്ഞെടുപ്പ് വിജയത്തിന്റെ ആവേശം കെടാതെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കത്തിലാണ് മുസ്‌ലിം ലീഗ്. ഏതൊക്കെ സീറ്റുകളിൽ ആരൊക്കെ വീണ്ടും മത്സരിക്കണമെന്നതും പുതുതായി ആരെയൊക്കെ മത്സരിപ്പിക്കണമെന്നത് സംബന്ധിച്ചും ചൂടുപിടിച്ച ചർച്ചകളാണ് പാർട്ടി തലങ്ങളിൽ നടന്നുവരുന്നത്. പ്രമുഖ നേതാക്കളുടെ മണ്ഡലമാറ്റവും സിറ്റിങ് എംഎൽഎമാരിൽ പലർക്കും സീറ്റ് നഷ്ടമായേക്കാമെന്ന സൂചനകളും അണികൾക്കിടയിലും നേതാക്കൾക്കിടയിലുമുള്ള ചർച്ചകളിൽ ഇടംപിടിച്ചിട്ടുണ്ട്.

പി.കെ. കുഞ്ഞാലിക്കുട്ടി വേങ്ങരയിൽനിന്ന് മലപ്പുറത്തേക്ക് മാറിയേക്കുമെന്ന അഭ്യൂഹവും ഇക്കൂട്ടത്തിലുണ്ട്. യുഡിഎഫ് ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തിൽ ജയിക്കുന്ന സീറ്റാണ് മലപ്പുറം. വേങ്ങരയിൽ മുപ്പതിനായിരത്തിലധികം വോട്ടുകൾക്കാണ് കുഞ്ഞാലിക്കുട്ടി കഴിഞ്ഞ തവണ ജയിച്ചത്. തദ്ദേശ തിരഞ്ഞെടുപ്പിൽ വേങ്ങരയിൽ ഭൂരിപക്ഷം 45,000 ആയി കൂടിയിട്ടുണ്ട്. കുഞ്ഞാലിക്കുട്ടി മലപ്പുറത്തേക്ക് മാറിയാൽ റെക്കോഡ് ഭൂരിപക്ഷം എന്ന കണക്കുകൂട്ടലുമുണ്ട് ലീഗ് അണികളിൽ. മണ്ഡലമാറ്റം സജീവ പരിഗണനയിലാണെന്നിരിക്കെ വേങ്ങരയിലെ ഇപ്പോഴത്തെ വോട്ടുകണക്ക് കുഞ്ഞാലിക്കുട്ടിയെ അവിടെതന്നെ തുടരാൻ മോഹിപ്പിക്കുന്നതാണ്. രണ്ട് തവണ അഴീക്കോട് എംഎൽഎ ആയിരുന്ന കെ.എം. ഷാജി ഇത്തവണ അഴീക്കോട്ട് മത്സരിക്കില്ല. നിലവിൽ എൻ.എ. നെല്ലിക്കുന്ന് പ്രതിനിധീകരിക്കുന്ന കാസർകോട്ട് കെ.എം. ഷാജി മത്സരിക്കാനാണ് സാധ്യത.

കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തന്നെ ഷാജിയുടെ പേര് കാസർകോട് മണ്ഡലത്തിൽ കേട്ടിരുന്നെങ്കിലും അന്ന് ചില എതിർപ്പുകൾ ഉയർന്നിരുന്നു. എതിർപ്പുകൾ നേരത്തെ തന്നെ പറഞ്ഞുപരിഹരിച്ച് കെ.എം. ഷാജി ഇപ്പോൾ കാസർകോട് സജീവമായി രംഗത്തുണ്ട്.

## 'ഉസ്മാൻ ഹാദിയെ കൊന്നത് നിങ്ങളാണ്'; യൂനുസ് സർക്കാരിനെതിരെ സഹോദരൻ

ധാക്ക: ഷെയ്ഖ് ഹസീന സർക്കാരിനെ താഴെയിറക്കാൻ കാരണമായ 2024–ലെ ബഹുജനപ്രക്ഷോഭത്തിലെ പ്രധാനമുഖമായിരുന്ന യുവനേതാവ് ഷരീഫ് ഉസ്മാൻ ഹാദിയുടെ മരണത്തിൽ യൂനുസ് ഭരണകൂടത്തിനുനേരെ വിരൽചൂണ്ടി സഹോദരൻ. ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന ദേശീയ തിരഞ്ഞെടുപ്പ് അട്ടിമറിക്കാനാണ് ഈ കൊലപാതകം നടത്തിയതെന്ന് ഉസ്മാൻ ഹാദിയുടെ സഹോദരൻ ഒമർ ഹാദി ആരോപിച്ചു. ബംഗ്ലാദേശിൽ നിലവിൽ അധികാരത്തിലുള്ള യൂനുസ് സർക്കാരിലെ ഒരു വിഭാഗമാണ് ഇതിന് പിന്നിലെന്നാണ് ഒമർ പറയുന്നത്.

ഉസ്മാൻ ഹാദിയുടെ സഹോദരൻ ഷെരീഫ് ഒമർ ഹാദി ധാക്കയിലെ ഷാബാഗിൽ നടന്ന പ്രതിഷേധ യോഗത്തിൽ വെച്ചാണ് സർക്കാരിനെതിരെ രൂക്ഷ വിമർശനം ഉന്നയിച്ചത്. 'നിങ്ങളാണ് ഉസ്മാൻ ഹാദിയെ കൊലപ്പെടുത്തിയത്, ഇപ്പോൾ ഇതിനെ ഒരു വിഷയമാക്കി തിരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുകയാണ്' യൂനുസ് നയിക്കുന്ന ഇടക്കാല സർക്കാരിനെ പ്രതിക്കൂട്ടിലാക്കികൊണ്ട് ഒമർ പറഞ്ഞു.

ദേശീയ തിരഞ്ഞെടുപ്പ് ഫെബ്രുവരിയിൽ നടത്തണമെന്നായിരുന്നു ഉസ്മാന്റെ ആഗ്രഹമെന്നും, വേഗത്തിൽ വിചാരണ നടത്താനും തിരഞ്ഞെടുപ്പ് അന്തരീക്ഷത്തിന് തടസ്സമുണ്ടാക്കാതിരിക്കാനും അധികാരികൾ ശ്രദ്ധിക്കണമെന്നും ഒമർ ആവശ്യപ്പെട്ടു.

## ദീപ്തി മേരി വർഗീസിനെ എംപിസി ചെയർപേഴ്സണാക്കുമെന്ന് നേതൃത്വം; ചതിച്ചെന്നും മേയറാക്കുമെന്ന ഉറപ്പ് നൽകിയിരുന്നുവെന്നും പരാതി

കൊച്ചി: മേയർ സ്ഥാനത്തിൽ നിന്ന് തഴയപ്പെട്ട ഐ ഗ്രൂപ്പിലെ കെ.പി.സി.സി ജനറൽ സെക്രട്ടറി ദീപ്തി മേരി വർഗീസിനെ മെട്രോപൊളിറ്റൻ (എംപിസി) ചെയർപേഴ്സണാക്കാമെന്ന് നേതൃത്വത്തിന്റെ ഉറപ്പ്. ദീപ്തി മേരി അനുനയനീക്കങ്ങൾക്ക് വഴങ്ങിയില്ലെന്നാണ് വിവരം. തന്നെ ചതിച്ചെന്ന പരാതിയും നേതാക്കളോട് ആവർത്തിച്ചു.



പ്രതിപക്ഷ നേതാവ് പറഞ്ഞിട്ടാണ് താൻ മത്സരിച്ചതെന്നും ജയിച്ചാൽ മേയറാക്കുമെന്ന് ഉറപ്പ് നൽകിയിരുന്നുവെന്നും അവർ വ്യക്തമാക്കി. തന്നെ ഒഴിവാക്കാൻ ബോധപൂർവം ശ്രമം നടന്നെന്ന് ആരോപിച്ച് ദീപ്തി മേരി കെ.പി.സി.സി പ്രസിഡന്റിന് പരാതി നൽകിയെന്ന വിവരമുണ്ട്.

കൊച്ചി കോർപ്പറേഷനിൽ മേയർ, ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ ടേം വ്യവസ്ഥയിൽ എ, ഐ ഗ്രൂപ്പുകൾ പങ്കിടാനാണ് കോൺഗ്രസിൽ ധാരണയായിരിക്കുന്നത്. ആദ്യ രണ്ടര വർഷം ഐ ഗ്രൂപ്പിന്റെ വി.കെ. മിനിമോൾ മേയറാകും. ഇക്കാലയളവിൽ എ ഗ്രൂപ്പിന്റെ ദീപക് ജോയി ഡെപ്യൂട്ടി മേയർ. തുടർന്ന് എ ഗ്രൂപ്പിലെ ഷൈനി മാത്യു മേയറും ഐ ഗ്രൂപ്പിലെ കെ.വി.പി. കൃഷ്ണകുമാർ ഡെപ്യൂട്ടി മേയറുമാകും. മാരത്തൺ ചർച്ചകൾക്കും തർക്കങ്ങൾക്കും ഒടുവിലാണ് തീരുമാനം.

മേയർ സ്ഥാനത്തിന് ലത്തീൻസഭ പിടിമുറുക്കിയതാണ് ദീപ്തിക്ക് തിരിച്ചടിയായത്. മഹിളാ കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റാണ് മിനിമോൾ. മഹിളാ കോൺഗ്രസ് ജില്ലാ സെക്രട്ടറിയാണ് ഷൈനി മാത്യു. കോൺഗ്രസ് കൗൺസിലർമാരിൽ അധികവും എ ഗ്രൂപ്പിനൊപ്പമുള്ളവരാണ്. ഈ സാഹചര്യത്തിൽ സഭയ്ക്ക് താത്പര്യക്കുറവുള്ള ദീപ്തിയെ മേയറാക്കുന്നതിലെ അപകടം തിരിച്ചറിഞ്ഞാണ് ഐ ഗ്രൂപ്പ് മിനിമോളിലേക്ക് എത്തിയതെന്നാണ് വിവരം. മേയറെ നിശ്ചയിച്ചത് കെ. പി.സി.സി മാനദണ്ഡങ്ങൾ മറികടന്നാണ്. ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസ് അടക്കം ജില്ലയിലെ ഒരു വിഭാഗം നേതാക്കൾ ഇതിനായി പ്രവർത്തിച്ചു. രഹസ്യ വോട്ടെടുപ്പ് നടത്തിയില്ല തുടങ്ങിയ കാര്യങ്ങളാണ് ദീപ്തി അനുകൂലികൾ ആരോപിക്കുന്നത്.







# ക്രിസ്തുമസ് സപ്ലിമെന്റ് - 2025



## വീണ്ടുമൊരു ക്രിസ്തുമസ് വന്നെത്തുകയായി




**വീ**ണ്ടുമൊരു ക്രിസ്തുമസ് വന്നെത്തുകയായി. ലോകരക്ഷകന്റെ ജനനം അത്യാഹ്ലാദപൂർവ്വം ആഘോഷിക്കുവാൻ ക്രൈസ്തവലോകം തയ്യാറായിക്കഴിഞ്ഞു. പലയിടത്തും അതിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഏറ്റവും മികച്ചരീതിയിൽ ക്രിസ്തുമസ് ആഘോഷിക്കണമെന്നു ഏവരും ആഗ്രഹിക്കുന്നു, യഥാർത്ഥത്തിൽ നാം ആഘോഷത്തിൽ മുഴുകി ക്രിസ്തുമസിന്റെ സന്ദേശം പാടേ മറന്നുപോകുന്നു എന്നുവേണം പറയാൻ.

ഈ ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ച മുഖ്യകാരണവും അതുതന്നെയാണ്. നോർത്ത് ഇന്ത്യയിൽ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന ഞാൻ ചില ദിവസങ്ങൾക്കു മുൻപ് ഒരു അന്യമതസ്ഥയായ സഹോദരിയുമായി സംസാരിച്ചപ്പോൾ അവരിങ്ങനെ പറഞ്ഞു: നിങ്ങളുടെ എന്തോ ഫെസ്റ്റിവൽ വരാൻപോകുകയല്ലേ, എന്ന്. ആ വാചകം എന്റെ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. ആ സഹോദരി എം.എ ബിരുദധാരിയാണ്. എന്നിട്ടും ക്രിസ്തുമസ് എന്താണെന്നു പോലും അറിയാതെ നമുക്ക് ചുറ്റും അനേകർ ഇന്നും ജീവിക്കുന്നു എന്ന സത്യം ഞാൻ തിരിച്ചറിഞ്ഞപ്പോൾ ഏറെ ചിന്തിക്കുവാൻ ഇടയായി. ആ സഹോദരിയോട് യേശുവിന്റെ ജനനത്തെ കുറിച്ച് വളരെ വ്യകതമായി മനസിലാക്കികൊടുത്തപ്പോൾ അവരു പറഞ്ഞൊരു കാര്യമുണ്ട്: ഞങ്ങൾക്ക് ക്രിസ്താനികൾ, അവരുടെ ദൈവം യേശു അതിനപ്പുറം മറ്റൊരു അറിവും ഇല്ല എന്ന്.

പ്രിയമുള്ളവരേ, ഓരോ ക്രിസ്തുഭക്തന്റെയും ദൗത്യമാണ് ക്രിസ്തുവിന്റെ സുവിശേഷം മറ്റുള്ളവരിൽ എത്തിക്കുക എന്നുള്ളത്. നമുക്ക് ചുറ്റും അനേകമാളുകൾ എന്താണ് സത്യത്തിൽ ക്രിസ്തുമസ് എന്നുപോലും അറിയാതെ കഴിയുന്നു. അവരുടെ നടുവിൽ നാം ആഹ്ലാദപൂർവ്വം തിരുപ്പിറവി ആഘോഷിക്കുന്നു. നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യം നാം നിറവേറ്റുന്നുണ്ടോ സ്വയം വിലയിരുത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു. അതിനർത്ഥം ക്രിസ്തുമസ് ആഘോഷിക്കരുത് എന്നല്ല, മറിച്ചു അതിലൊക്കെ ഉപരിയായി ക്രിസ്തുവിന്റെ സ്നേഹസന്ദേശം അനേകരിൽ എത്തിക്കുവാൻ നാം ഉത്സാഹികൾ ആയിരിക്കേണം. വാസ്തവത്തിൽ ആരുടെയെങ്കിലും ഹൃദയത്തിൽ ക്രിസ്തു ജനിക്കുന്നതല്ലേ ഇതിലെല്ലാം വലുത്? അതിലല്ലേ യഥാർത്ഥത്തിൽ സ്വർഗം സന്തോഷിക്കുന്നത്?

നാം ആയിരിക്കുന്ന കലാലയങ്ങളിൽ, ജോലിമേഖലകളിൽ, ഈ ക്രിസ്തുമസിന്റെ സന്ദേശം പങ്കുവയ്ക്കാൻ തയ്യാറാകണം. ക്രിസ്തുവിനെ ഉയർത്തുന്നതിൽ നാം എപ്പോഴും മുൻപന്തിയിൽ ആയിരിക്കേണം. ഈ ക്രിസ്തുമസിൽ നമുക്കും തീരുമാനിക്കാം, ഞാൻ എന്റെ ദൗത്യം പൂർത്തീകരിക്കുവാൻ പ്രയത്നിക്കും, അതിനായി നമുക്ക് ഒരുങ്ങാം. ഇന്നും അനേകർ ക്രിസ്തുവിനെ അറിയാതെ നമുക്ക് ചുറ്റും ഉണ്ട്. അവരിലേക്ക് ഈ സന്ദേശം എത്തിക്കുവാൻ നമുക്ക് യത്നിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ !

**സ്നേഹപൂർവ്വം**
**എസ്**

## സമഭാവനയുടെ തിരുപ്പിറവി; നക്ഷത്രത്തിളക്കത്തോടെ ക്രിസ്മസ്



**സാ**ഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും സന്തോഷത്തിന്റെയും സമഭാവനയുടേയും സന്ദേശം ഉണർത്തുന്ന പുണ്യദിനം, ക്രിസ്മസ് ദിനം! ഉണ്ണിയേശുവിന്റെ തിരുപ്പിറവിയുടെ ഓർമ്മപുതുക്കി ലോകമെമ്പാടുമുള്ള ജനത ഡിസംബർ 25 ന് ക്രിസ്മസ് ആഘോഷിക്കുകയാണ്. ശാന്തിയുടെയും സമാധാനത്തിന്റെയും ആഘോഷമാണ് ക്രിസ്തുമസ്. പുൽക്കൂടും, നക്ഷത്രങ്ങളും ഒക്കെ ഒരുക്കി ക്രിസ്മസിനെ വരവേൽക്കുകയാണ് നാടും നഗരവും.

യേശു ക്രിസ്തുവിന്റെ ജനനമാണ് ഈ ദിവസത്തിൽ അനുസ്മരിക്കപ്പെടുന്നത്. പരസ്പരം സമ്മാനങ്ങൾ കൈമാറാനും ബന്ധങ്ങൾ പുതുക്കാനും ഒത്തുകൂടാനുമുള്ള അവസരം കൂടിയാണ് ക്രിസ്മസ്. ഓർമകൾക്ക് സുഗന്ധവും കാഴ്ചകൾക്ക് തിളക്കവും മനസ്സിന് മധുരവും സമ്മാനിക്കുന്ന മനോഹരമായ കാലമാണ് ക്രിസ്മസ്.


ക്രിസ്തുമസ് ആശംസകൾ...
**ജോസ് കൂനംപ്ലാക്കൽ**
കള്ളിയത്ത് റോയൽ സ്ക്വയർ
റൂം നമ്പർ 19
പാലസ് റോഡ്, തൃശൂർ
ഫോൺ: ഓഫീസ്: 0487 2331109
റസി. 0487 2424381




### ചോദ്യചിഹ്നം
–കമർസമാൻ

**ക**രഞ്ഞു കുതിർന്ന ഹൃദയത്തിൽ പ്രതീക്ഷകളുടെ
നാമ്പ് വിടരുന്ന നേരം വരാനുണ്ട്.
ദൈവത്തെ മാറോടണക്കുന്ന സുഷുപ്തിയുടെ നീണ്ടമാഴം.
അന്നേരം ദൈവം തന്റെ
സന്തത സഹചാരിയും ഇരുളിലെ വെട്ടവുമാണ്.
പിന്നെ അനുനിമിഷം ആനന്ദം അലതല്ലുമ്പോൾ
ദൈവത്തെ അന്യനാക്കുന്നത് എന്ത് കൊണ്ട്?
ഇന്നും ചോദ്യചിഹ്നമായി ദൈവം ആകാശ പട്ടം പോലെ
ഒരു കോണിൽ നിൽക്കുന്നു.
പ്രശ്നം നമ്മുടേതോ? അതോ ദൈവത്തിന്റെയോ?


ക്രിസ്തുമസ് ആശംസകൾ...
**KURUVATH**
AUTO SERVICE STATION
GURUVAYOOR ROAD,
THRISSUR - 680004
PH: 9961454720
CAR INTERIOR WASH UNDERTAKEN



ക്രിസ്തുമസ് ആശംസകൾ....
**കേരളത്തിന്റെ തനതായ സുഗന്ധം**
കമലവിലാസ് (Regd.) വാസന സാധനങ്ങൾ
**കളഭപ്പൊടി**
വെള്ളത്തിൽ കുഴച്ച് കുറി തൊടുവാനും, കല്ല്യാണം, ഉത്സവം, വിരുന്നു സൽക്കാരസമയങ്ങളിൽ ഉപയോഗിക്കുവാൻ വിശിഷ്ട കളഭക്കൂട്ട്
**ആനന്ദകുസുമം**(REGD)
ഈ തൈലക്കൂട്ടു കൊണ്ട് എളുപ്പത്തിൽ നല്ല ഇടിച്ച പുകയിലതയ്യാറാക്കാം.മുറുക്കുമ്പോൾ വായ്ക്ക്നല്ല രുചിയും മണവുംനൽകുന്നു.
**ദശാംഗം**
ഈ വിസിഷ്ടധൂപപ്പൊടി സന്ധ്യാസമയത്തും പൂജാകർമ്മാദി സമയത്തുംപുകച്ചു വരുന്നത് മനോശാന്തിക്കും ശ്രീകരത്തിനും വിശേഷം.
**വാസനചുണ്ണാമ്പ്**
വിറ്റിലയിൽ തേച്ച് മുറുക്കുമ്പോൾ വായ്ക്ക് നല്ല രുചിയും മണവും നൽകുന്നു.
പി.എ. അയ്യർ കമലവിലാസ് പെർഫ്യൂമറിവർക്സ്
റെയിൽവേ സ്റ്റേഷൻ റോഡ്, ചെട്ട്യങ്ങാടി Jn.,
തൃശൂർ-1. ഫോൺ: 0487 2420691



ക്രിസ്തുമസ് ആശംസകൾ...
ATF **അത്തം ഫ്ളവേഴ്സ്**
Wholesale & Retail
Municipal Building
PATTURAIKKEL, THRISSUR
Ph: 0487 2333686, Mob: 9846033686
കല്യാണ മാലകൾ, ബൊക്കെകൾഡെക്കറേഷൻ, ഫ്രഷ് ഫ്ളവേഴ്സ്



**സർവ്വെ ടെക്**
പി ഒ ആനന്ദപുരം, തൃശൂർ, കേരള-680305
ഫോൺ: 9447437330, 0480 2882789, 9539640424
സർവ്വെ സ്കെച്ച്, ആധാരം, പട്ടയം, എന്നിവ പ്രകാരം ഭൂമി കൃത്യമായി അളന്ന് പ്ലോട്ടുകൾ തിരിക്കുകയും ഭാഗം വെയ്ക്കുകയും അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്ത് സ്കെച്ച് സാക്ഷ്യപ്പെടുത്തി കൊടുക്കുന്നു.
വലിയ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വെ ചെയ്തുകൊടുക്കുന്നു.
കൂടാതെ സർവ്വെ റവന്യൂ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടിയും നിർദ്ദേശങ്ങളും ഞങ്ങളുടെ ഓഫീസിൽ നിന്നും ലഭ്യമാണ്.
ചെയിൻ സർവ്വെ ട്യൂഷൻ കൊടുക്കുന്നതാണ്
വിശദ വിവരങ്ങൾക്ക്
പി സി ഭരതൻ
(സർവ്വെ സൂപ്രണ്ട്, റിട്ടയേർഡ്)
എം കെ രഞ്ജിത്ത്
(സർവ്വെയർ)
വസ്തു ക്രയവിക്രയം ചെയ്യുന്നതിനു മുമ്പ് അളന്ന് ബോദ്ധ്യപ്പെടുക



ക്രിസ്മസ് ആശംസകൾ...
**കൊള്ളന്നൂർ ദേവസ്സി സൺസ്**
തൃശൂർ, കൊച്ചി, കോഴിക്കോട്



ക്രിസ്തുമസ് ആശംസകൾ
**കാരുണ്യ കുറീസ് (P) ലിമിറ്റഡ്**
Head Office: Karunya Chambers, Opp. Police Club,
HIGH ROAD, THRISSUR-680001.
Ph: 2442515. Branch Office: Faridabad
Chairman THOMAS KOLLANNUR
Managing Director JOSE A. KOLLANNUR


## തൊഴിലുറപ്പ് - ബാധ്യത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കരുത്: സുന്ദരൻ കുന്നത്തുള്ളി



തൃശൂർ: രാജ്യത്തെ തൊഴിയുറപ്പ് പദ്ധതി അട്ടിമറിച്ച കേന്ദ്രസർക്കാരിന്റെ നിയമനിർമ്മാണത്തെ തുടർന്ന്, സംസ്ഥാനം വഹിക്കേണ്ട അധിക ബാധ്യത ഗ്രാമപഞ്ചായത്തുകളുടെ മേൽ അടിച്ചേൽപ്പിക്കരുതെന്ന് ഐഎൻടിയുസി ജില്ലാ പ്രസിഡണ്ട് സുന്ദരൻ കുന്നത്തുള്ളി.

തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ, വർദ്ധിപ്പിച്ച തൊഴിൽ ദിനങ്ങൾ അനുവദിക്കുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ ഐഎൻടിയുസി ക്ക് നിർണായക പങ്ക് വഹിക്കാൻ ഉണ്ടെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

ഐഎൻടിയുസി വടക്കാഞ്ചേരി റീജിനൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിജയിച്ച ഐഎൻടിയുസി ജനപ്രതിനിധികൾക്ക് അനുമോദനമർപ്പിച്ച് തിരൂർ ശ്രീനിവാസ കല്യാണ മണ്ഡപത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

റീജിനൽ കമ്മിറ്റി പ്രസിഡന്റ് സി കെ ഹരിദാസ് അധ്യക്ഷത വഹിച്ച യോഗത്തിൽ, ജനറൽ സെക്രട്ടറി എ ടി ജോസ്, ജില്ലാ വൈസ് പ്രസിഡന്റ് കെ എൻ നാരായണൻ, എം ആർ രവീന്ദ്രൻ, അഡ്വക്കേറ്റ് സി ആർ ജയ്സൺ, ഐ ആർമണികണ്ഠൻ, സിന്ധു സുബ്രഹ്മണ്യൻ, സന്തോഷ് കോലഴി, താരാഭായ് തുടങ്ങിയവർ പ്രസംഗിച്ചു.


916 BIS HALLMARKED JEWELLERY
**HARE KRISHNA**
JEWELLERY
Kailas Nagar, Yesudas Road
KUNNAMKULAM
Sandeep : 9745836426



ക്രിസ്തുമസ് ആശംസകൾ
**പത്മവ്യൂഹം ഭേദിച്ച്**
13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ
ADV. A.D. BENNY — BRAVING ALL ODDS
മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാന കാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവത യാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.
പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.
അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം
പത്മവ്യൂഹം ഭേദിച്ച്
മാണി പയസ്
ഫോൺ: 9745561241


### കോടതി പരസ്യം

**ബഹു. ചിട്ടി രജിസ്ട്രാർ / ചിട്ടി ആർബിട്രേറ്റർ ഉത്തരമേഖല, തൃശ്ശൂർ മുമ്പാകെ**

ARC: 453/2025

മാവിൻചുവട് കുറീസ് (P) Ltd, മാവിൻ ചുവട്, കല്ലൂർ - ഹർജിക്കാരൻ

മുകുന്ദപുരം താലൂക്ക് കല്ലൂർ വില്ലേജ് പള്ളിക്കുന്ന് ദേശത്ത് കല്ലൂർ പി.ഒ വെളിയത്തു പറമ്പിൽ രമേഷ് ഭാര്യ പ്രീമ -2-ാം എതൃകക്ഷി

മേൽ നമ്പർ ഹർജിയിലെ രണ്ടാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കൽപ്പിച്ച് ടി ഹരജി **7-1-2026** തിയ്യതിക്ക് വിചാരണക്ക് വച്ചിരിക്കുന്നുവെന്നും തർക്കമുണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ടി ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും ഇതിനാൽ അറിയിക്കുന്നു.

എന്ന് ഉത്തരവിൻപ്രകാരം
ചിട്ടി ആർബിട്രേറ്റർ ഉത്തരമദ്ധ്യമേഖല
ഹർജി ഭാഗം അഡ്വക്കേറ്റ്
**വി. ജി. സുഭാഷ് ചന്ദ്രബാബു**
(ഒപ്പ്)


Denny T. Devassy
Mob: 9847473667
Off: 9526646622
CHARGE
**EXIDE BATTERIES**
Authorised Dealer for Exide Industries Ltd.
U.P.S. & Invertor, Solar Invertor
SALES - SERVICE
PALISSERY, P.O. PALAKKAL (Opp. Dhanalakshmi Bank)
(Ammadam - Kodannur Road)

# സ്നേഹത്തിന്റെ ദാനമാണ് ക്രിസ്തുമസ്സ്



**സ്നേ**ഹം മനുഷ്യനായിത്തീർന്നതാണ് ക്രിസ്തുവിന്റെ അവതാരം. ദൈവത്തിന്റെ അവതാരം ഒരു കാലിത്തൊഴുത്തിലായതുതന്നെ ഉദാഹരണം. തന്റെ മാതാവിനും പിതാവിനും സമുന്നത സ്ഥാനത്ത് പുത്രന് ജന്മം കൊടുക്കാനുള്ള അവസരമുണ്ടാക്കാമായിരുന്നു. ബന്ധുക്കളും സഹൃത്തുക്കളും ധാരാളം ബത്‌ലഹേമിലുണ്ടായിരുന്നു.

പൂർണ്ണ ഗർഭിണിയായ മറിയത്തിന് ബത്‌ലഹേം യാത്ര മന:ക്ലേശമുണ്ടാക്കുന്നതല്ലായിരുന്നു. തന്റെ പിതാവിന്റേയും ഭർതൃപിതാവിന്റെയും ബന്ധുഗൃഹങ്ങൾ നിറഞ്ഞ ഉപനഗരമായിരുന്നു ബത്‌ലഹേം. ആ ശ്വാസത്തോടെ, പ്രതീക്ഷയോടെ ബത്‌ലഹേമിലെ യേശുവിന്റെ പിതൃഭവനത്തിലെത്തിയ ആളുകളോട് ബന്ധുക്കൾ പറഞ്ഞത് ഇവിടെ സ്ഥലമില്ലെന്ന്. പ്രതീക്ഷകളിൽ, ആശ്വാസങ്ങളിൽ തിരസ്കൃതരാകുമ്പോൾ നമ്മുടെ മാനസികാവസ്ഥ എങ്ങിനെയായിരിക്കും? നാം നിരാശരാകും. പ്രതീക്ഷ കൈവിടാതെ നാം മറ്റു ബന്ധുക്കളെ തേടുന്നു. എല്ലായിടത്തുനിന്നും തിരസ്കൃതരാകുമ്പോൾ പതറും.

പക്ഷേ ഈ പുറന്തള്ളൽ ദൈവത്തിന്റെ മഹനീയലക്ഷ്യപ്രാപ്തിക്കായിരിക്കും എന്ന വിശ്വാസം മാത്രമായിരുന്നു അവർക്ക്.

തങ്ങൾക്ക് ജനിക്കാൻ പോകുന്നവൻ സമുന്നതനാണ്. ദൈവപുത്രനാണ്. ലോകത്തെ രക്ഷിക്കുന്നവനാണ്. എന്തുകൊണ്ട് നല്ലൊരു ഭവനം ഒരുക്കിതന്നില്ല എന്ന് അവർ ദു:ഖിച്ചില്ല. ദൈവത്തിന്റെ മഹനീയ ദാനത്തിൽ അവർക്ക് വിശ്വാസമുണ്ടായിരുന്നു. വേണ്ടപ്പെട്ടവരുടെ വീടുകൾ അന്യമായപ്പോൾ സത്രങ്ങളും ഹോട്ടലുകളും വരെ തേടിച്ചെന്ന അവർക്ക് പിൻതിരിയേണ്ടിവന്നു. പരസ്പരം ചീത്തപറയാൻ തോന്നിയില്ല. ആരേയും പഴിചാരിയില്ല. ഏതോ മഹനീയ ലക്ഷ്യത്തിലെത്താൻ നയിക്കുന്ന വഴിയാണെന്നേ അവർക്ക് തോന്നിയുള്ളൂ.

യാത്ര, ആശ്രയം തേടിയുള്ള യാത്ര. എവിടെയെങ്കിലും വിശ്രമിച്ചേ പറ്റൂ എന്ന സ്ഥിതിയിലായി. തണുപ്പേറിയ കാലം മരുഭൂമിയുടെ സംരക്ഷണം കൊണ്ട് അല്പം ചൂടുള്ള അന്തരീക്ഷം. ആശ്രയമായത് ആരോ കാണിച്ചുകൊടുത്ത ആട്ടിടയന്മാരുടെ വൈക്കോലും ഉപകരണങ്ങളും സൂക്ഷിക്കുന്ന മലഞ്ചെരിവിലെ ഗുഹ, അവിടേക്കുള്ള വഴിയോ പ്രയാസമേറിയത്. എതായാലും ഒന്നേ അന്വേഷിച്ചുള്ളൂ. വിശ്രമിക്കാമല്ലോ? ശീതക്കാറ്റേൽക്കില്ലല്ലോ. ആശ്വാസമായി.

അവിടെ ആവശ്യത്തിലധികം വയ്ക്കോൽ. വേണ്ടത്ര സ്ഥലം. ലോഡ്ജുകളിലോ വീടുകളിലോ മുറികളിലോ ആണെങ്കിൽ നിൽക്കാനും ഇരിക്കാനും സ്ഥലമില്ലാതെ കുഴയേണ്ടിവന്നേനെ. അകത്തെ ഗുഹയിൽ മറിയത്തിന് വിശ്രമിക്കാം. ബന്ധുക്കൾക്ക് പുറത്ത് വേണ്ടത്ര വിരികൾ വയ്ക്കോലിന്മേൽ ഇട്ടപ്പോൾ സുഖകരമായ മെത്തകൾ. സൗകര്യത്തിന്റെ പേരിൽ അസൗകര്യങ്ങൾ അനുഭവിക്കേണ്ടിവന്നില്ല. അസൗകര്യമുണ്ടായില്ലെന്നല്ല അവർക്കു വേണ്ടതിലേറെ സൗകര്യം ലഭിച്ചു. അവർ ആശ്വസിച്ചിരിക്കണം. ദൈവത്തിന്റെ മഹനീയ സമാധാനം, ഭക്ഷണം, ശയ്യോപകരണങ്ങൾ എന്നിവ കൊണ്ടുള്ള യാത്രയിൽ വിശ്രമസ്ഥലം സൗകര്യപ്പെട്ടതായിരിക്കണം. ഏറെ സൗകര്യം തന്നെ. തള്ളപ്പെട്ടതെന്ന് കരുതിയാലും ദൈവം തള്ളിയിട്ടില്ലായിരുന്നു എന്നവർ അറിഞ്ഞു.

മറിയം യേശുവിന് ജന്മം നൽകി. ബന്ധുക്കൾ ആശ്വസിപ്പിക്കാനുണ്ട്. ദിവ്യശിശു ആനന്ദത്തിന്റെ വരവാണെന്നവരറിഞ്ഞു. ബന്ധുഗൃഹങ്ങളിലായിരുന്നെങ്കിലോ? പിറുപ്പിറുപ്പു കേൾക്കേണ്ടിവന്നേനെ. അവൾക്ക് പ്രസവിക്കാൻ കണ്ടനേരം. ഇവൾ കണക്കെടുപ്പിന് വന്നില്ലെങ്കിൽ എന്തായിരുന്നു? അതാണ് ഏറ്റവും അസുഖകരമായ സ്ഥിതി. ദിവ്യ ശിശുവിനെ പരിചരിക്കാൻ വേണ്ടത്ര ആളുകൾ. സ്നേഹത്തോടെ സ്നേഹദാനം. ദിവ്യശിശുവിന്റെ, ദിവ്യരാജാവിന്റെ ജനനമോ ഹൃദയാനന്ദകരം. ഇടയകുടുംബങ്ങൾക്കും സന്തോഷം. ദിവ്യശിശുവാണ് എന്നറിഞ്ഞതിൽ അത്യധികമാനന്ദം.



ഈ ശിശുവിന്റെ ജനനം മഹാരാജാവിന്റെ കൊട്ടാരത്തിലായിരുന്നുവെങ്കിലോ. ഉണ്ണി പിറന്നു എന്നു കേൾക്കാം. കൊട്ടാരത്തിൽ നിന്നു കൽപ്പന കേൾക്കുമ്പോൾ യന്ത്രത്തെപ്പോലെ സന്തോഷിക്കണം.

ദിവ്യശിശുവോ, രാജപുത്രനോ ആരായാലും തങ്ങൾക്ക് കാണാനോ സ്പർശിക്കാനോ കഴിയില്ല എന്നവർക്കറിയാം. എന്നാൽ ദൈവത്തിന്റെ കാരുണ്യം പരിത്യക്തരോടായിരുന്നു. ഞാൻ നല്ലവരെ തിരഞ്ഞുവന്നവനല്ല. പരാതിക്കാരെ തേടി വന്നവനാണ് എന്ന് പറഞ്ഞതിനെ ഇവിടെ ഉറപ്പാക്കിയിരിക്കുന്നു.

സ്നേഹദാനം ആവശ്യം പതിതർക്കായിരുന്നു. അവരെ സ്നേഹം നൽകി സന്തോഷിപ്പിക്കാൻ യേശു പുൽക്കൂട്ടിൽ പിറന്നു. മണിഗോപുരത്തിൽ സാധാരണക്കാരനു പ്രവേശനമുണ്ടോ? പരിത്യക്തരെ സ്നേഹദാനം കൊണ്ടു സമ്പുഷ്ടമാക്കുകയാണ് ചെയ്തത്. ആ സ്നേഹദാനം പരസ്പരമുള്ള സമർപ്പണമായിരുന്നു. പരസ്പരമുള്ളദാനം. സ്നേഹത്തിന്റെ ദാനമാണ് ക്രിസ്തുമസ്.

നാം പരസ്പര സ്നേഹത്തോടെ സ്നേഹസന്ദേശങ്ങൾ കൈമാറുന്നതു ഈ സ്നേഹസന്ദേശത്തിന്റെ ഓർമ്മക്കാണ്. ഉള്ളറിഞ്ഞു സമർപ്പിക്കൂ. പരിത്യക്തരെന്നു കരുതുമ്പോൾ നാം ദൈവത്തെ മറുന്നുപോകുന്നു. ദൈവത്തിന്റെ സ്നേഹദാനത്തിന്റെ വഴിയാണെന്ന് നാം മനസ്സിലാക്കാതെ പരിഭ്രമിച്ചുവശരാകുന്നു. പ്രതീക്ഷ കൈവിടേണ്ടതില്ല. സൗകര്യത്തിന്റെ പേരിൽ നാം അസൗകര്യങ്ങൾ അനുഭവിക്കേണ്ടി വരുന്നില്ല. അസൗകര്യമാകുമോ എന്ന് തോന്നുമ്പോൾ നമുക്ക് ദൈവം വേണ്ടത്ര ആശ്വാസവും സൗകര്യവുമാണ് തരിക എന്ന അവസ്ഥ നാം മനസ്സിലാക്കാതിരിക്കുന്നു. എല്ലാ അസൗകര്യങ്ങളും പരിത്യക്തതയും ദൈവത്തിന്റെ മഹത്തായ സ്നേഹദാനമാണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചാൽ ആശ്വാസത്തിന്റെ സങ്കേതങ്ങളിൽ നാം എത്തിച്ചേരുന്നു.

നമ്മെ നിയന്ത്രിക്കാൻ, നയിക്കാൻ കഴിയുന്ന ഒരു ശക്തിയുണ്ടെന്നും ആ ശക്തി നമുക്ക് തരുന്ന സ്നേഹദാനം നാം സ്വീകരിക്കുകയും ചെയ്യുക. ഒന്നും ചീത്തയ്ക്കുവേണ്ടിയല്ല. എല്ലാം നന്മക്കുവേണ്ടിയാണെന്ന് മനസ്സിലാക്കുക.

പരസ്പരദാനത്തിലൂടെയാണ് ആശ്വാസം ലഭിക്കുക എന്ന് നാം കണ്ടെത്തുന്നതിനുള്ള പദയാത്രയാണ് ക്രിസ്തുമസ്സിന്റെ സന്ദേശം.

With Best Compliments from:
ALENGADEN'S
A-K-P
A.K.P.
METALS & WARES
Post Office Road, THRISSUR
Ph: Off: 2425548, Fax: 2421089
Resi: 2427748, E-mail: alengaden@vsnl.com
Irinjalakuda:
A.K.P. METALS & ALLOYS (FACTORY)
CHRIST COLLEGE ROAD
ALLENGADENS VESSELS HOUSE,
TANA. Ph: 2826432, 2826430

ക്രിസ്തുമസ് ആശംസകൾ
Jose Panthallookaran Mob: 9847041046
Proprietor 9847321046,9447919850
CENTRAL CHICKEN
(Wholesale Chicken Merchants)
Panthallookaran Building, St. Mary's St, KURIACHIRA
Thrissur-6. Ph: 0847-2251209, 2251189, Resi: 2251089



PVG
P.V. GOPI
DOCUMENT WRITER
Kerala State Licensee L.No. CDA 39 CSA
Sivasailam Apartments, Marath Lane, M.G. Road,
THRISSUR. Ph: Offi - 0487 2335473, 6541653, 6541654.
Res - 0487 2321798, 6541652

ക്രിസ്തുമസ് ആശംസകൾ....



City-Tailors
Palace Road, Thrissur
PH: 2331434
Delivery on after 6.30 p.m. to 7.30 p.m.

With best compliments from:
A Well Wisher

Steel and Industrial Forgings Limited
A Govt. of Kerala Undertaking
SIFL
ATHANI P.O. THRISSUR - 680581, KERALA INDIA
Phone: 91-487-2201736, 91-9400000639 Fax: 91-487-2201753
Website: www.siflindia.com E mail: sifl.gm.mktg@gmail.com
Masters in Titanium & Super Alloy Forgings
Major Sectors catered : - Aerospace, Defence, Heavy Engg., Earth Moving , Aviation , Oil & Gas , Railways...etc.



AS 9100:2016 Certified



RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



## ലീഡർ കെ. കരുണാകരൻ അനുസ്മരണവും പുഷ്പാർച്ചനയും നടത്തി



ഇരിങ്ങാലക്കുട : ലീഡർ കെ. കരുണാകരന്റെ 16-ാം ചരമവാർഷികദിനം കോൺഗ്രസ് മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ രാജീവ് ഗാന്ധി മന്ദിരത്തിൽ പുഷ്പാർച്ച, അനുസ്മരണം എന്നിവയോടെ ആചരിച്ചു. കെ.പി.സി.സി. മുൻ ജനറൽ സെക്രട്ടറി എം.പി. ജാക്സൺ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡണ്ട് സി.എസ്. അബ്ദുൾ ഹഖ് അധ്യക്ഷത വഹിച്ചു. മുതിർന്ന അംഗം കെ. വേണുഗോപാലൻ, സുജ സജ്ജീവ് കുമാർ, അഡ്വ. വി.സി. വർഗ്ഗീസ്, വിജയൻ എളേടത്ത്, സനൽ കല്ലൂക്കാരൻ, അസുറുദീൻ കളക്കാട്ട്, ജോമോൻ മണ്ണാത്ത്, എ.സി. സുരേഷ് തുടങ്ങി ബ്ലോക്ക് - മണ്ഡലം ഭാരവാഹികൾ, കൗൺസിലർമാർ എന്നിവർ പങ്കെടുത്തു.

## ട്രെയിൻ യാത്രയ്ക്കിടെ പി.കെ ശ്രീമതിയുടെ ബാഗ് മോഷണം പോയി; സ്വർണവും പണവും ഫോണും നഷ്ടപ്പെട്ടു



ന്യൂഡൽഹി: സിപിഎം നേതാവും മുൻ എംപിയുമായ പി.കെ.ശ്രീമതിയുടെ ബാഗ് മോഷണം പോയി. പണവും സ്വർണാഭരണവും ഫോണും ബാഗിലുണ്ടായിരുന്നു. കൊൽക്കത്തയിൽ നിന്ന് ബിഹാറിലേക്ക് പോകും വഴി ട്രെയിനിൽവെച്ചാണ് മോഷണം. മഹിളാ അസോസിയേഷൻ സമ്മേളനത്തിനായിട്ടാണ് ശ്രീമതി കൊൽക്കത്തയിൽ നിന്ന് ബിഹാറിലേക്ക് യാത്ര ചെയ്തിരുന്നത്. ചൊവ്വാഴ്ച രാത്രിയാണ് ശ്രീമതി യാത്ര ആരംഭിച്ചത്. ഇന്ന് രാവിലെ ഉറക്കമുണർന്ന് ബിഹാറിലെത്തിയപ്പോഴാണ് ബാഗ് നഷ്ടമായതായി അറിയുന്നത്. രേഖകളും ബാഗിലുണ്ടായിരുന്നു. മഹിളാ അസോസിയേഷൻ ദേശീയ ജനറൽ സെക്രട്ടറി മറിയം ധാവ്ളയ്ക്കൊപ്പമായിരുന്നു പി.കെ. ശ്രീമതി യാത് ചെയ്തിരുന്നത്.

ട്രെയിനിൽ യാതൊരു സുരക്ഷ ഉണ്ടായിരുന്നില്ലെന്നും പരാതി പറഞ്ഞിട്ടും പോലീസുകാർപോലും നിരുത്തരവാദപരമായിട്ടാണ് പെരുമാറിയതെന്നും പി.കെ.ശ്രീമതി ആരോപിച്ചു.

'രണ്ട് ദിവസം കൊൽക്കത്തയിലെ സമ്മേളനം കഴിഞ്ഞ ശേഷം മറിയം ധാവ്ളയോടൊപ്പം സമസ്തിപുറിലേക്ക് വരികയായിരുന്നു. രാത്രി 8 മണിയോടെയാണ് കൊൽക്കത്തയിൽനിന്ന് തിരിച്ചത്. ധർസിങ് സാരായ് എന്ന സ്റ്റേഷനിലാണ് ഞങ്ങളോട് ഇറങ്ങാൻ പറഞ്ഞത്. രാത്രി 11മണിക്കാണ് ഉറങ്ങിയത്. ആ സമയമെല്ലാം ബാഗ് ഉണ്ടായിരുന്നു. തല ഭാഗത്തായിരുന്നു ബാഗ് വെച്ചത്. ഉടനെ പരാതി നൽകാൻ ശ്രമിച്ചു. ചെയിൻ വലിച്ചു. ആരും വന്നില്ല. കുറച്ച് സമയം ട്രെയിൻ നിർത്തിയ ശേഷം എടുത്തു. വളരെ നിരുത്തരവാദപരമായിട്ടാണ് പോലീസ് അടക്കം പെരുമാറിയത്. മറ്റു കമ്പാർട്ട്മെന്റിൽനിന്നും ആളുകൾ വന്ന് ഞങ്ങളുടെ ബാഗും മറ്റും മോഷണം പോയതായി പറഞ്ഞു' പി.കെ.ശ്രീമതി പറഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട ശേഷമാണ് പിന്നീട് അധികൃതർ ബന്ധപ്പെട്ടതെന്നും തുടർന്ന് പരാതി നൽകിയതായും പി.കെ.ശ്രീമതി അറിയിച്ചു. ബാഗിൽ 40000 രൂപയോളം ഉണ്ടായിരുന്നതായാണ് വിവരം.

## തുർക്കി വിമാനാപകടം; ലിബിയൻ സൈനിക മേധാവി ഉൾപ്പെടെ 7 പേർ കൊല്ലപ്പെട്ടു



അങ്കാറ: തുർക്കിയിൽ വിമാനാപകടത്തിൽ ലിബിയൻ സൈനിക മേധാവി ജനറൽ മുഹമ്മദ് അലി അൽ ഹദ്ദാദ് കൊല്ലപ്പെട്ടു. തുർക്കി തലസ്ഥാനമായ അങ്കാറയിലെ എസൻബോഗ വിമാനത്താവളത്തിൽ നിന്ന് ഇന്നലെ രാത്രി പ്രാദേശിക സമയം 8.52ന് പറന്നുയർന്ന ഫാൽക്കൺ 50 വിമാനം മുക്കാൽ മണിക്കൂറിനകം ഹൈമാന മേഖലയിൽ തകർന്നുവീഴുകയായിരുന്നു. ജനറൽ മുഹമ്മദ് അലി അൽ ഹദ്ദാദിനെക്കൂടാതെ വിമാനത്തിലുണ്ടായിരുന്ന മറ്റു നാല് ഉദ്യോഗസ്ഥരും മൂന്ന് വിമാന ജീവനക്കാരും അപകടത്തിൽ കൊല്ലപ്പെട്ടു.

ഇരു രാജ്യങ്ങളും തമ്മിലുള്ള സൈനിക സഹകരണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല പ്രതിരോധ ചർച്ചകൾക്കായി തുർക്കിയിൽ എത്തിയതായിരുന്നു ലിബിയൻ പ്രതിനിധി സംഘം. മുഹമ്മദ് അലിയും സംഘവും ചർച്ചയിൽ പങ്കെടുത്ത് മടങ്ങവേയായിരുന്നു അപകടം. വിമാനത്തിലുണ്ടായിരുന്ന എല്ലാവരും മരിച്ചതായാണ് ലിബിയൻ പ്രധാനമന്ത്രി അബ്ദുൽ ഹമീദ് ദബൈബ അറിയിച്ചത്.

അങ്കാറ വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന് ഏകദേശം 42 മിനിറ്റിനുശേഷം ബിസിനസ് ജെറ്റുമായുള്ള സിഗ്നൽ നഷ്ടപ്പെട്ടതായി തുർക്കി ആഭ്യന്തര മന്ത്രി അലി യെർലികായ പറഞ്ഞു. ലിബിയയുടെ തലസ്ഥാനമായ ട്രിപ്പോളിയിലേക്ക് പോവുകയായിരുന്ന വിമാനവുമായി ബന്ധം നഷ്ടപ്പെടുന്നതിന് മുമ്പ് അടിയന്തര ലാൻഡിംഗ് അഭ്യർത്ഥന നടത്തിയിരുന്നുവെന്ന് അധികൃതർ പറഞ്ഞു. പിന്നീട് അങ്കാറയുടെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് വിമാനത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തുകയായിരുന്നു. അപകടത്തിന് കാരണമെന്താണെന്ന് കണ്ടെത്താനുള്ള അന്വേഷണം പുരോഗമിക്കുകയാണെന്ന് അധികൃതർ അറിയിച്ചു. വിമാനത്തിലെ സാങ്കേതിക തകരാറാണ് അപകടത്തിന് കാരണമായതെന്നും റിപ്പോർട്ടുണ്ട്.

## ശ്രീ കൂടൽമാണിക്യം ക്ഷേത്രോത്സവം 2026 ആലോചനായോഗം

ഇരിങ്ങാലക്കുട : 2026 ഏപ്രിൽ 28 മുതൽ തുടങ്ങുന്ന ശ്രീ കൂടൽമാണിക്യം ക്ഷേത്രോത്സവം ഭംഗിയായി നടത്തുന്നതിനുള്ള ഭക്തജനങ്ങളുടെ ആലോചനയോഗം ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിൽ വെച്ച് നടന്നു . ദേവസ്വം കമ്മിറ്റി മെമ്പർ അഡ്വക്കേറ്റ് കെ ജി അജയകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ചെയർമാൻ അഡ്വക്കേറ്റ് സി കെ ഗോപി ഉദ്ഘാടനം ചെയ്തു . ദേവസ്വം മെമ്പർമാരായ ഡോക്ടർ മുരളി ഹരിതം സ്വാഗതവും രാഘവൻ മുടങ്ങാടൻ നന്ദിയും രേഖപ്പെടുത്തി.

ദേവസ്വം ചെയർമാൻ സി.കെ ഗോപി ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ മന്ത്രിമാരായ സുരേഷ് ഗോപി, ഡോക്ടർ ബിന്ദു, രാജൻ എന്നിവർ മുഖ്യ രക്ഷാധികാരികളും, 31 അംഗങ്ങൾ ഉൾപ്പെടുന്ന രക്ഷാധികാരികളും 251 അംഗ ഉത്സവാഘോഷ കമ്മിറ്റി രൂപീകരിച്ചു.

## കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട കുടുംബകോടതി മുമ്പാകെ**

OP: 889/2024

അലിഡ - ഹർജിക്കാരി
തോമസ് -എതൃകക്ഷി

ഹരജിക്കാരി അലീഡ എതൃകക്ഷി ചാലക്കുടി താലൂക്ക് അന്നമനട വില്ലേജ് വൈന്തല ദേശത്ത് പാളയംപറമ്പ് പി ഒ., പിൻ-680741 ചെമ്പകശ്ശേരി വീട്ടിൽ വർഗ്ഗീസ് മകൻ 39 വയസ് തോമസ് എന്നിവർക്കെതിരെ വിവാഹമോചനത്തിനായി മേൽ നമ്പർഹരജി ബോധിപ്പിച്ചിട്ടുള്ളതും ആയത് 11-03-2026 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതുമാകുന്നു. ടി കാര്യത്തിൽ ആക്ഷേപമുള്ളവർ കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം മേൽ നമ്പർകേസ് ഹരജിക്കാരിക്ക് അനുകൂലമായി ഉത്തരവാകുന്നതാണെന്നും അറിയിച്ചുകൊള്ളുന്നു.

എന്ന് , 24-12-2025
ഹർജി ഭാഗം അഡ്വക്കേറ്റ്
**വി എസ് അരുൺരാജ്**
(ഒപ്പ്)

## നിര്യാതനായി

### നന്ദകുമാർ കാവല്ലൂർ



പടിയൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് യൂണിയൻ മുൻ ചെയർമാൻ, KSU മുൻ ജില്ലാ വൈസ് പ്രസിഡന്റ്, ഇരിഞ്ഞാലക്കുട ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി മുൻ വൈ. പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ച നന്ദകുമാർ കാവല്ലൂർ (77) അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഭാര്യ : സുധാകരി (റിട്ടയേർഡ് അധ്യാപിക, എടതിരിഞ്ഞി HDP സമാജം ഹയർ സെക്കന്ററി സ്കൂൾ), മക്കൾ : ദീപക് (അദ്ധ്യാപകൻ, പനങ്ങാട് ഹയർ സെക്കന്ററി സ്കൂൾ), ഹണി (മകൾ) അദ്ധ്യാപിക (ചാഴൂർ സ്കൂൾ ) മരുമക്കൾ : ജിനി, സുകേഷ്.




Franco. C Jose
കുന്തം
KUNTHAM
SOMETHING YOU ALWAYS TRUST
PHOTOSTAT
www.kunthamphotostat.com
keep in touch with in
shop No. 7025496930
Our Google Pay Number 9847394948
Our Whatsapp Number 9072884884
Project Seminar, Spiral Binding Works,
Scanning, Lamination, ID Card,
DTP, Print Photostat
Sree Vadakkumnathan Shopping Complex
Karunakaran Nambiar Road,
Above Indian Coffee House,
North Bus Stand, Thrissur
PH: 9847394948, 9388394948
9388994948, 7025496930
We are Thankful to you all for Contact Us.




